വർക്കിംഗ് അറേൻജ്മെൻറ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

466. [580] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് ഡിപ്പാർട്ടുമെൻറിലും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലുമായി ജോലി ഒരു സ്ഥലത്തും, ശമ്പളം വേറൊരു സ്ഥലത്തുമായി വർക്കിംഗ് അറേജ്മെൻറ് സമ്പ്രദായത്തിൽ ആരെങ്കിലും ഉണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ;

(ബി) ഇവരുടെ പേരും തസ്തികകളുടെ പേരും പറയാമോ ;

(സി) ജില്ല വിട്ട് ഇത്തരത്തിൽ ജോലി ചെയ്യാനനുവാദം നൽകരുതെന്ന് ഉത്തരവ് നിലവിൽ ഉണ്ടോ ;

(ഡി) ഇപ്പോൾ റേഡിയോ ഗ്രാഫറായ ശ്രീമതി എ. ജമീലാബീവിയെ എന്നാണ് തൃശ്ശൂർക്ക് മാറിയത് ;

(ഇ) എന്നുമുതലാണ് ശമ്പളം തൃശ്ശൂരും ജോലിതിരുവനന്തപുരത്തും എന്ന വർക്കിംഗ് അറേജ്മെൻറ് ഉത്തരവ് അവർക്ക് നൽകിയത് ;

(എഫ്) ഈ തസ്തികയിൽ ആളില്ലാ എന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്ന് തിരുവനന്തപുരത്തേക്ക് എഴുതിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം എടുത്ത് വർക്കിംഗ് അറേഞ്ച്മെൻറ് വ്യവസ്ഥയവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഹെൽത്തു ഡിപ്പാർട്ടുമെൻറിലെ വിവരം ശേഖരിച്ചു വരുന്നു. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ രണ്ടുപേരുണ്ട്.

(ബി) ഹെൽത്തുഡിപ്പാർട്ടുമെൻറിൽ വിവരം ശേഖരിച്ചുവരുന്നു. കോട്ടയം മെഡിക്കൽ കോളേജിലെ ഒബ്സ്റ്റ്രിക്സ് ആൻറ് ഗൈനക്കോളജിയിലെ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജി. വിജയകുമാരി ഗാസ്ട്രോ എൻറോളജി വകുപ്പിലെ അസിസ്റ്റൻറ് പ്രൊഫസർ ഡോക്ടർ പി. എം. രവീന്ദ്രൻ എന്നിവർക്കാണ്.

(സി) വർക്കിംഗ് അറേജ്മെൻറ് പാടില്ലെന്ന ഉത്തരവുണ്ട്.

(ഡി) 13-8-1982-ലെ ഉത്തരവനുസരിച്ചാണ്.

(ഇ) 13-8-1982-ലെ ഉത്തരവനുസരിച്ചാണ് 9-8-1982 മുതൽ പ്രാബല്യത്തോടുകൂടി വർക്കിംഗ് അറേഞ്ചുമെൻറ് ഉത്തരവ് അവർക്ക് നൽകിയത്.

(എഫ്) ഉണ്ട്.

(ജി) നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly